©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 സെപ്റ്റംബർ 4<br>4th September 2018<br>1194 ചിങ്ങം 19<br>19th Chingam 1194<br>1940 ഭാദ്രം 13<br>13th Bhadra 1940 | നമ്പർ<br>No. 35 |

## PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

ലേലം/ദർഘാസ് പരസ്യം

നമ്പർ ബി-511/2018. 2018 ജൂലൈ 29.

അഞ്ചൽ ജില്ലാ കൃഷി ഫാമിൽ ഒരുലക്ഷത്തി മുപ്പതിനായിരം കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നതിനായി ഗ്രാഫ്റ്റിംഗിൽ പ്രാവീണ്യവും പരിചയവും ഉള്ളവരിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

ഗ്രാഫ്റ്റിംഗ് സംബന്ധിച്ച വിവരങ്ങൾ:

ഗ്രാഫ്റ്റിംഗ് ജോലികൾ രണ്ട് ഘട്ടമായി ചെയ്യുന്നതിനുള്ള ഷെഡ്യൂൾ ഓഫീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നതും ടി സമയപരിധി കർശനമായി പാലിക്കേണ്ടതുമാണ്.

ഒന്നാം ഘട്ടം 65000 ഗ്രാഫ്റ്റുകൾ സെപ്റ്റംബർ 10 മുതൽ സെപ്റ്റംബർ 22 വരെ.

രണ്ടാം ഘട്ടം 65000 ഗ്രാഫ്റ്റുകൾ സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 25 വരെ.

ഗ്രാഫ്റ്റുകൾ ഉണ്ടാവേണ്ട ഏറ്റവും കുറഞ്ഞ അതിജീവന നിരക്ക് 90% ആയിരിക്കും.

നിരതദ്രവ്യം—` 10,000.

ടെണ്ടർ ഫോറത്തിന്റെ വില—` 1,250 +ജി.എസ്.റ്റി.

ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന തീയതിയും സമയവും—5-9-2018, 11.30 മണി.

സീൽ ചെയ്ത ദർഘാസുകൾ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—5-9-2018, 1 മണിവരെ.

ലേലം/ദർഘാസ് തീയതിയും സമയവും—5-9-2018, 2.30 മണി.

നിബന്ധനകൾ

1. ഒരു കശുമാവ് ഗ്രാഫ്റ്റ് ചെയ്യുന്നതിനുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടർ സീൽ ചെയ്ത് കവറുകളിൽ നിരതദ്രവ്യത്തോടൊപ്പം നിശ്ചിത സമയത്തിന് മുൻപായി അഞ്ചൽ ജില്ലാ കൃഷി ഫാം സൂപ്രണ്ടിന്റെ പേരിൽ ഓഫീസിൽ നേരിട്ട് ഏൽപ്പിക്കേണ്ടതാണ്. കവറിന് പുറത്തായി കശുമാവ് ഗ്രാഫ്റ്റ് ചെയ്യുന്നതിനുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തിയിരിക്കണം.

2. സീൽ ചെയ്ത ദർഘാസിനോടൊപ്പം ` 200-ന്റെ മുദ്രപത്രത്തിൽ ദർഘാസ് എഗ്രിമെന്റ് ലേലം/ടെണ്ടർകാരൻ നൽകേണ്ടതാണ്.

3. നിശ്ചിത സമയത്തുതന്നെ അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസ് സമർപ്പിച്ചവരെ ഉൾപ്പെടുത്തി പരസ്യലേലം നടത്തുന്നതും തുടർന്ന് ദർഘാസുകൾ തുറക്കുന്നതുമാണ്. ലേലം/ദർഘാസ് ഏതിലാണോ കൂടുതൽ തുക വാഗ്ദാനം ചെയ്തിട്ടുള്ള വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ ടി ലേലം/ദർഘാസ് താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ടിയാന്റേത് ഒഴികെയുള്ളവരുടെ നിരതദ്രവ്യം അപ്പോൾതന്നെ മടക്കി നൽകുന്നതുമായിരിക്കും.

4. ഗ്രാഫ്റ്റിംഗിനാവശ്യമായ സയോൺ, തൈകൾ മറ്റു സാധനങ്ങൾ ഓഫീസിൽനിന്നും നൽകുന്നതാണ്.

5. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയാൽ ടി ലേലം/ദർഘാസുകാരൻ നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്. ലേലം/ദർഘാസ് കാലാവധിക്കുള്ളിൽ ലേലം/ദർഘാസുകാരന്റെ ഭാഗത്തുനിന്നും നിബന്ധനകൾക്ക് ലംഘനമില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ലേലം/ദർഘാസ് കാലാവധി തീരുന്നമുറയ്ക്ക് ആയത് തിരികെ നൽകുന്നതാണ്.

6. സർക്കാർ ലേലം/ദർഘാസുകൾക്കുള്ള മറ്റെല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.

7. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പ്രവൃത്തി സമയങ്ങളിൽ ഫാം ഓഫീസിൽനിന്നും നേരിട്ട് അറിയാവുന്നതാണ്.

8. 5-9-2018-ന് ഏതെങ്കിലും കാരണവശാൽ പൊതു അവധി ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയത്ത് ദർഘാസ് നടത്തുന്നതാണ്.

ജില്ലാ കൃഷി ഫാം, (ഒപ്പ്)
അഞ്ചൽ, കോട്ടുക്കൽ പി. ഒ. സൂപ്രണ്ട്.